
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

little KITEs



# MIRACLE

N.S.S.H.S.SCHOOL
KARAPUZHA
KOTTAYAM



ശ്രമത്തിലാണ്,
ഫലപ്രാപ്തിയിലല്ല
സംതൃപ്തി ഉളവാകുന്നത്.
സമ്പൂർണ്ണ ശ്രമം
സമ്പൂർണ്ണ വിജയമാകുന്നു.

~ ഗാന്ധിജി

## പ്രധാനാധ്യാപികയുടെ സന്ദേശം

കോട്ടയം എൻ. എസ്. എസ്. ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 'മിറക്കിൾ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു, സമ്പന്നമായ ഉള്ളടക്കത്തോടുകൂടിയ ഈ മാഗസിൻ യാഥാർത്ഥ്യമാക്കിയ കുട്ടികൾക്കും, അദ്ധ്യാപകർക്കും എന്റെ അഭിനന്ദനം. ഇനിയും ഇതുപോലെ മെച്ചപ്പെട്ട സർഗസൃഷ്ടിക്കുള്ള പ്രചോദനമാകട്ടെ ഈ മാഗസിൻ.

മിനി എസ്. നായർ
ഹെഡ്മിസ്ട്രസ്



# *MESSAGE*

***Today the world is at our finger tip. Iam very glad to know that Little Kites of N.S.S.H.S.S.kottayam is publishing a magazine. It is pleasant to note that the magazine MIRACLE will provide a good platform for students to showcase their talents and creativity. I congratulate the entire crew for their effort and hope the magazine will be a success in all it's way. I wish all the very best for your endeavour***

***N.M Michel***
***P.T.A President***



# എഡിറ്റോറിയൽ

ആധുനിക യുഗത്തിന്റെ 'മിറക്കിൾ' ആണ് വിവരസാങ്കേതിക വിദ്യ. സാധാരണക്കാരന്റെ കുട്ടികളെ ഈ അത്ഭുതലോകത്ത് കൈപിടിച്ചുയർത്താൻ കേരള ഗവണ്മെന്റിന്റെ പുതുസംരംഭമാണ് ലിറ്റിൽ കൈറ്റ്സ്. ഈ സ്കൂൾ വർഷത്തെ കൊച്ചുമിടുക്കരുടെ ഭാവനാലോകത്തെ 'മിറക്കിൾ' എന്ന ഈ മാഗസിനിലൂടെ നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു, ഈ സംരംഭത്തിനു വേണ്ട താങ്ങും തണലും നൽകി സഹായിച്ച ഏവർക്കും നന്ദിയുടെ നറുമലരുകൾ.






**Aswin gopi**




**Adithya deepu**
**Niya suresh**





## Crew Members

Sidhrth suresh
Aswin.v anil
Ponsayambu
Aswin gopi

## PARTICIPATOR

Aparna T.A
Aleena R
Kiran Tiwari
Gopika K.A
Divya Bharati
Padmapriya K.S
Ahalya m
Ganga Krishna
Mubeen Malik
Manu S.p
Prince Thomas
Abdul Siyad
Anoop K.K
Abhijith Vijayan
Deva Mahilan





# ഉള്ളടക്കം


1.കടങ്കഥകൾ

2.പഴഞ്ചൊല്ല്

3.പ്രശ്നോത്തരി

4.യാത്രാവിവരണം – ശാസ്ത്രലോകത്തേയ്ക്കുള്ള യാത്ര

5. यात्रा मेरी जीवन की सफर

6.കവിത

7.മലയാള കവികൾ

8.ജീവചരിത്രം

9.A.P.J Abdul Kalam

10.എൻ. എൻ. കക്കാട്

11.കഥ, നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു.

12.വിനോദസഞ്ചാരകേന്ദ്രങ്ങൾ

13.കളരി

14.Anatomy of Universe

15.Mammoth

16.The great hornbill

17.ഒരു മഹാപ്രളയം

# എൻ. എസ്. എസ്. ഹയർസെക്കൻഡറി സ്കൂൾ, കാരാപ്പുഴ, കോട്ടയം








എൻ. എസ്. എസ്. ഹയർസെക്കൻഡറി സ്കൂൾ 1930-ൽ സ്ഥാപിതമായി. കോട്ടയം നായർ സമാജം സ്കൂൾ എന്ന പേരിലാണ് ഇത് ആരംഭിച്ചത്. 1964-ലാണ് നായർ സർവ്വീസ് സൊസൈറ്റി ഈ സ്കൂൾ ഏറ്റെടുത്തത് . പനയ്ക്കൽ ശ്രീധരൻപിള്ള ആയിരുന്നു സ്കൂളിന്റെ ആദ്യകാല മാനേജർ. ശ്രീ. കെ. ഗോപാലപിള്ള സാറായിരുന്നു. ആദ്യ ഹെഡ്മാസ്റ്റർ. 1932-ൽ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി സ്കൂൾ ാന്ദർശിച്ചതായി ചരിത്രം പറയുന്നു.







കുട്ടികളുടെ ബാങ്കായ 'സഞ്ചയിക' ഈ സ്കൂളിലാണ് സംസ്ഥാനതലത്തിൽ ആദ്യമായി തുടങ്ങിയത്. ഇതിന്റെ ഉദ്ഘാടനം അന്ന് കേന്ദ്രമന്ത്രിയായിരുന്ന ശ്രീമതി സുശീല റോഹട്ട്ജിയാണ് നിർവ്വഹിച്ചത്. സംസ്ഥാന യുവജനോത്സവം തുടങ്ങിയപ്പോൾ ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും വിജയിപ്പിക്കുകയും ചെയ്തത് ഈ സ്കൂളിൽ നിന്നാണ്. ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളാണ് പ്രഗത്ഭരായ മിസോറാം ഗവർണർ ശ്രീ.കുമ്മനം രാജശേഖരൻ,തിരുവിഴ ജയശങ്കർ, സംവിധായകൻ ജി. അരവിന്ദൻ, സേതു, രാജീവ്, ഓമനക്കുട്ടൻ തുടങ്ങിയവർ. ഞങ്ങളുടെ സ്കൂൾ 2000–ൽ ഹയർസെക്കൻഡറിയായി ഉയർത്തി.







governor of Mizoram
Kummanam Rajasekharan

# കടങ്കഥകൾ




## ഉപ്പ്

അച്ഛൻ സൂര്യൻ, അമ്മ സമുദ്രം കുടിൽത്തൊട്ട് കൊട്ടാരംവരെ പ്രവേശനമുണ്ട് കുറഞ്ഞാൽ തെറ്റ്, കൂടിയാൽ തെറ്റ്.

അച്ഛനെപ്പേടിയില്ല അമ്മയെപ്പേടിയില്ല എല്ലാവർക്കും ഉറ്റബന്ധുവായ അവനാര്.

കാക്കയും കോഴിയും കൊത്താത്തവിത്ത് വെള്ളത്തിലിട്ടാൽ കാണാത്ത വിത്ത്.

തീയിലിട്ടാൽ ചടപടചടപട വെള്ളത്തിലിട്ടാൽ കാണില്ല.



## കണ്ണ്

ഉരുട്ടാം പിരട്ടാം എടുക്കാൻ വയ്യ

പാൽമൊന്തയിൽ കരിമീൻ

രണ്ടു സുന്ദരികൾ ഒരുമിച്ചേ കരയൂ.

വെളുത്തറോഡിലൂടെ കറുത്തകാറോടുന്നു.

ഒരമ്മയ്ക്ക് രണ്ടു മക്കൾ ഓരോന്നിനും രണ്ടു നിറം.



# പഴഞ്ചൊല്ല്

അന്നവിചാരം മുന്നവിചാരം
ചക്ക അധികം തിന്നാൽ ചുക്ക് തിന്നേണ്ടി വരും
അത്താഴം അത്തിപഴത്തോളം
അത്താഴപട്ടിണി കിടക്കരുത്
നട്ടു തിന്നണം, ചുട്ടു തിന്നരുത്
വിശപ്പിനും ഉറക്കത്തിനും ക്ഷമയില്ല
എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയേ തിന്നാം
വേണമെങ്കിൽ ചക്ക വേരിലും കായിക്കും
ഉരുള എണ്ണി കഴിക്കരുത്
വിശക്കാൻ തക്കതുണ്ണണം
നുറുക്കി തിന്നാൽ നൂറു വയസ്സ്





Sidharth S. Suresh
N.S.S.H.S.School
Karapuzha

# പ്രശ്നോത്തരി



1.സുഗന്ധവ്യഞ്ജനങ്ങളുടെ രാജാവ്

– കുരുമുളക്



2. ഹരിതകം ഇല്ലാത്ത സസ്യം ഏത്

– കൂൺ



3. പ്രകാശസംശ്ലേഷണം നടക്കുന്ന സമയത്ത് ഓസോൺ പുറപ്പെടുവിക്കുന്ന സസ്യം ഏത്?

– തുളസി



4. പുൽവർഗത്തിലെ ഏറ്റവും വലിയ സസ്യം ഏത്?

– മുള



5. ഹരിതകമടങ്ങിയ വേരുള്ള സസ്യം ഏത്?

–അമൃതവള്ളി



6. ഒറ്റ ഇല മാത്രമുള്ള സസ്യം ഏത്?

–ചേന



7. ഇലകളിൽ ആഹാരം സംഭരിച്ചു വയ്ക്കുന്ന സസ്യം ഏത്?

കാബേജ്

8. ദിവ്യഔഷധങ്ങൾ എന്നറിയപ്പെടുന്ന സസ്യങ്ങൾ ഏതൊക്കെ?

തുളസി, കൂവളം, കറുക









9. താങ്ങുവേരുള്ള സസ്യം ഏത്?

– ആൽമരം

10. തായ്ത്തടയിൽ ആഹാരം സംഭരിച്ചുവയ്ക്കുന്ന സസ്യം ഏത്?

കരിമ്പ്



Gopika K. A.
STD IX A

# യാത്രാവിവരണം

## ശാസ്ത്രലോകത്തേക്കുള്ള യാത്ര



എന്റെ ഈ യാത്ര ശാസ്ത്രലോകത്തേക്കുള്ള എന്റെ പുതിയ ചവിട്ട് പടിയാണ് 3 ദിവസം ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ എനിക്ക് ഒരു പഠനക്യാമ്പ് ഉണ്ടായിരുന്നു. ശാസ്ത്രലോകത്തെക്കുറിച്ചായിരുന്നു ആ ക്യാമ്പ്. ശാസ്ത്രത്തിലെ എല്ലാ വിഷയങ്ങളും പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും എനിക്ക് കഴിഞ്ഞു.  ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ കോളേജിൽ പഠിക്കുന്നതിനും ലാബിൽ  കയറി പരീക്ഷണങ്ങൾ ചെയ്യുന്നതിനും എനിക്ക് കഴിഞ്ഞു. മൂന്നു ദിവസം വളരെ സന്തോഷകരവും ശാസ്ത്രം മനസ്സിലാക്കുന്നതിനുമുള്ള നല്ല അവസരം ആയിരുന്നു  അത്. പല സ്കൂളുകളിൽ നിന്ന് വന്ന കുട്ടി കളുമായി വലിയ ഒരു സൗഹൃദം സ്ഥാപിക്കാൻ കഴിഞ്ഞു. ഒരുപാട് വിദഗ്ധരായ സാറുമാരുടെ ക്ലാസ്സുകളിൽ പങ്കെടുക്കാൻ എനിക്ക് കഴിഞ്ഞു. ഞങ്ങൾ കുട്ടികൾ തന്നെ ലാബിൽ കയറി ഒരോ വസ്തു ക്കൾ എടുത്ത് പരീക്ഷണങ്ങൾ ചെയ്തുനോക്കാൻ കഴിഞ്ഞു. അജിത്ത് സാറിന്റെയും അവിടുത്തെ വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ ആയിരുന്നു ആ 3 ദിവസങ്ങളിൽ ഞങ്ങൾ. എനിക്ക് എന്റെ പഠനജീവിതത്തിൽ ഇവിടെനിന്നും ലഭിച്ച അറിവുകൾ പ്രയോജനപ്പെടുമെന്നും മറ്റുള്ളവരിലേയ്ക്ക് ആ അറിവ് പകർന്നുകൊടുക്കാൻ സാധിക്കുമെന്നുമുള്ള ആത്മവിശ്വാസം ലഭിച്ചു.

Adithy Deepu
N.S.S.H.S.School
Karapuzha



# यात्रा

## मेरी जीवन की सफर

ज़िन्दही मे सबसे चामगार पल होती है। जब हम कहीं सफर करते। ऐसी ही मेरी एक चादकार और अनोखी सफर है। कन्याकुमारी, में अपने परिवार के साथ वँहा गई थी। जब कन्याकुमारी में ट्रेन रुकी तो मेरे दिल की घडकन वदने लगी। सुबह तक हम वँहा पोहँच गए खे। वहाँ पोहचने ही हमने सबसे पहले सूर्यनमस्कार किया। वब सूर्योदय का समय था। हम वहाँ के ऐक होटल में ठहरे। थोडी देर के परचात फीर हम वस में बैठे और तरह-तरह के घाम पर गऐ और देवी के दरशन किए। लोग ठीक कहते है अगर भगवान से सच्चे दिल से कुछ मागों तो वो ज़रूर पूरी होती है। उसी तरह मेरी एक इच्छा छी की मै रामेश्वर जाऊ। और वँहा के पवित्र मन्दिरों के दरशन करू। वो मेरी एक अधुरी इच्छा पूरी हो गई। मै उस दिन बहुत खुरा थी। जव राम हूई तो मै समुद्र के किनारे जाकर बैठ गई। जब ठडी हवा की झोके आती है तो हमे हमारा बचपन चाद टिलाती है। जव में कन्याकुमारी गई थी तो में सिर्फ दस साथ की थी। आज भी वो हवा की झोके मुझे मेरा वचपन चाद दि ..........है।

Kiran Tiwari
N.S.S.H.S.School
Karapuzha

# നീറുന്നൊരോർമ്മ

പൂപോലെ പൂത്തൊരു കാലം
ആ കാലത്തു ഞാൻ കണ്ട രാഗം
ആ രാഗത്തിൽ ഞാൻ കണ്ട താളം
ആ താളമാണെന്നിലെ വർഷകാലം
കാലങ്ങളിങ്ങനെ നീണ്ടുനിൽക്കെ
ഒരു വട്ടം ഞാൻ കണ്ട വർഷക്കാലം
പലവട്ടം പൂത്തൊരി പൂക്കൾ പോലെ
കോരിച്ചൊരിയുന്ന വർഷകാലം
ചിതലരിക്കുന്ന ഓർമ്മകൾ മാത്രമെൻ
അകത്തളത്തിൽ എരിയുന്ന സ്നേഹമായി
ഓർക്കുന്നു ഞാനാ പൊൻകിനാവ്...
കാൽത്തളഗീതമാം തേൻ കിനാവ്...
പൊട്ടിത്തെറിയ്ക്കുന്നു എൻ ചിന്തയിൽ
കത്തിജ്വലിക്കുന്ന സൂര്യരേഖയായി...
ഓർക്കുന്നു ഞാനാ കാലങ്ങളെ
നീറുമോർമ്മകൾ വിരിയുന്ന കാലങ്ങളെ...
വിണ്ടും നീറുമോർമ്മകൾ വിരിയുന്ന കാലങ്ങളെ
ഓർമ്മകൾ വിരിയുന്ന നീറും കാലങ്ങളെ

Aswin Gopi
STD IX B

# മലയാള കവികൾ



## ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877–1949)

ചങ്ങനാശ്ശേരിയിൽ ജനനം. കവി, നിരൂപകൻ, ഗവേഷകൻ, സാഹിത്യചരിത്രകാരൻ, പത്രാധിപർ, തിരുവിതാംകൂർ ഗവൺമെന്റിലെ ദിവൻപേഷ്കാർ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. ഉമാകേരളം (മഹാകാവ്യം), കേരളസാഹിത്യചരിത്രം (5 ഭാഗങ്ങൾ), കർണഭൂഷണം, പിംഗള, ചിത്രശാല, താരാഹാരം തരംഗിണി, കല്പശാഖ, അമൃതധാര, അംബ മുതലായ കൃതികൾ രചിച്ചു.

## വള്ളത്തോൾ നാരായണമേനോൻ (1878–1958)



തിരൂരിനടുത്തുള്ള മംഗലം അംശം വള്ളത്തോൾ കുടുംബത്തിൽ ജനനം. ആധുനിക കവിത്രയത്തിൽപെടുന്നു. പത്രാധിപർ, കലാപരിപോഷകൻ എന്നീ നിലകളിൽ പ്രശസ്തൻ, കേരള കലാമണ്ഡലം സ്ഥാപിക്കുന്നതിന് നേതൃത്വം വഹിച്ചു. സാഹിത്യമഞ്ജരി (11 ഭാഗം), ബന്ധനസ്ഥനായ അനിരുദ്ധൻ, മഗ്ദലനമറിയം, കൊച്ചുസീത, ശിഷ്യനും മകനും, ചിത്രയോഗം (മഹാകാവ്യം), വാല്മീകി രാമായണം (പരിഭാഷ) തുടങ്ങിയവയാണ് പ്രധാന കൃതികൾ. പദ്മഭൂഷൺ, കവിതിലകൻ, കവിസാർവഭൗമൻ തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചു.



## ചങ്ങമ്പുഴ കൃഷ്ണപിള്ള (1911–1948)


എറണാകുളത്തെ ഇടപ്പള്ളയിൽ ജനനം. കാൽപ്പനികപ്രസ്ഥാനത്തിൽ ശ്രദ്ധേയൻ. രമണൻ, ബാഷ്പാഞ്ജലി, സങ്കല്പകാന്തി, സ്പന്ദിക്കുന്ന അസ്ഥിമാടം, പാടുന്ന പിശാച്, സ്വരരാഗസുധ, യവനിക, കളിത്തോഴി, അമൃതവീചി, രക്തപുഷ്പങ്ങൾ തുടങ്ങിയ പ്രധാന കൃതികൾ, നിരവധി വിവർത്തനകൃതികളും ചങ്ങമ്പുഴയുടേതായിട്ടുണ്ട്.


Aswin V.Anil
N.S.S.H.S.School
karapuzha

# Dr.A.P.J ABDHUL KALAM

**Avul Pakir Jainulabdeen Abdul Kalam(15 October 1931 – 27 July 2015) was an Indian politician and aerospace scientist who served as the 11th President of India from 2002 to 2007. He was born and raised in Rameswaram, Tamil Nadu and studied physics and aerospace engineering. He spent the next four decades as a scientist and science administrator, mainly at the Defence Research and Development Organisation (DRDO) and Indian Space Research Organisation (ISRO) and was intimately involved in India's civilian space programme and military missile development efforts. He thus came to be known as the Missile Man of India for his work on the development of ballistic missile and launch vehicle technology. He also played a pivotal organisational, technical, and political role in India's Pokhran-II nuclear tests in 1998, the first since the original nuclear test by India in 1974. Indian Institute of Management Shillong, Kalam collapsed and died from an apparent cardiac arrest on 27 July 2015, aged 8**3

By
Manu S.P
N.S.S.H.S.School
karapuzha





## എൻ. എൻ. കക്കാട്

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടിക്കടുത്തുള്ള അവിടനല്ലൂർ ഗ്രാമത്തിൽ ജനിച്ചു. അച്ഛൻ നാരായണൻ നമ്പൂതിരി. അമ്മ ദേവകി അന്തർജ്ജനം. കോട്ടൂർ. എ. യു. പി.സ്കൂളിലായിരുന്നു വിദ്യാഭ്യാസത്തിന്റെ തുടക്കം. ബിരുദപഠനത്തിന് ശേഷം നടവണ്ണൂർ ഹൈസ്കൂളിൽ അദ്ധ്യാപകനായി. മാനേജുമെന്റുമായി പിണങ്ങിയതിനെ തുടർന്ന് കോഴിക്കോട്ടേയ്ക്ക് പോന്നു. അവിടെ സ്കോളർ ട്യൂട്ടോറിയൽസിൽ ജോലിക്കു ചേർന്നു (1953). കവിത, കുടുംബം, ഉദ്യോഗം, രാഷ്ട്രീയം, പ്രസംഗം എല്ലാം കൂടിക്കലർന്നതായിരുന്നു കക്കാടിന്റെ അക്കാലത്തെ ജീവിതം. ട്യൂട്ടോറിയൽ അദ്ധ്യാപകനായിരിക്കെ 1958-ലാണ് കക്കാടിന് ആകാശവാണിയിൽ ഉദ്യോഗം കിട്ടിയത്. ഉറൂബ്, തിക്കോടിയൻ, അക്കിത്തം, കെ. എ. കൊടുങ്ങല്ലൂർ മുതലായ പ്രശസ്ത് സാഹിത്യകാരന്മാരുടെ കൂടെ സ്റ്റാഫ് ആർട്ടിസ്റ്റായി പ്രവർത്തിച്ചു. സ്ക്രിപ്റ്റ് റൈറ്ററായി തുടങ്ങിയ അദ്ദേഹം 'കാർഷിക രംഗം' പ്രൊഡ്യൂസറായി. സാഹിത്യപ്രവർത്തക സഹകരണസംഘം, കേരള സാഹിത്യ അക്കാദമി, വള്ളത്തോൾ വിദ്യാപീഠം, തിരൂർ തുഞ്ചൻ സ്മാരകം മുതലായവയിൽ കക്കാട് അംഗമായി പ്രവർത്തിച്ചിട്ടു്. അർബുധ ബാധയെത്തുടർന്ന് 1987 ജനുവരി 6-ന് കക്കാട് അന്തരിച്ചു. 1986-ലെ വയലാർ അവാർഡ് 'സഫലമീ യാത്ര'യ്ക്കു ലഭിച്ചു. ശലഭഗീതം, പാതാളത്തിന്റെ മുഴക്കം, ആയിരത്തി തൊള്ളായിരിത്തി അറുപത്തിമൂന്ന്, പകലറുതിക്കു മുമ്പ് തുടങ്ങിയവയാണ് മറ്റ് പ്രമുഖ കൃതികൾ.

M. Ahalya



## നമ്മുടെ ലോകം നാം സൃഷ്ടിക്കുന്ന

നാം പാർക്കുന്ന ലോകവും നാം ജീവിക്കുന്ന ലോകവും തമ്മിൽ വലിയ അന്തരമുണ്ട്. ഒരേ നഗരത്തിൽ ഒരേ തെരുവിൽ പാർക്കുന്ന രണ്ടു വ്യക്തികൾ രു വ്യത്യസ്ത ലോകങ്ങളിൽ ജീവിക്കുന്നതായി കാണാം. എവിടെ നാം പാർക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ, അതാണ് നമ്മുടെ ലോകം; പരിസരങ്ങളും പാരമ്പര്യങ്ങളുമാണ് ഈ ലോകത്തെ രൂപപ്പെടുത്തുന്നതെന്നാണ് ഇതുവരെ ശാസ്ത്രജ്ഞൻമാർ വാദിച്ചിരിക്കുന്നത്. എന്നാൽ ആധുനിക മന:ശാസ്ത്രം പുതിയൊരു വാദം പുറപ്പെടുവിച്ചിരിക്കുന്നു. പരിസരങ്ങളോ പാരമ്പര്യങ്ങളോ അല്ല, മനസ്സിന്റെ സ്ഥിതിയും പ്രവർത്തനഗതിയുമാണ് ഓരോ മനുഷ്യന്റെയും ലോകത്തെ സൃഷ്ടിക്കുന്നതെന്ന് അവർ വാദിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവരവരുടെ ജീവിതതാല്പര്യങ്ങളാണ് ഓരോരുത്തരുടെയും ലോകത്തെ വാർത്തെടുക്കുന്നത്. നമ്മുടെ ചിന്തകളും ലക്ഷ്യങ്ങളും വികാരങ്ങളും നാം ജീവിക്കുന്ന ലോകം സൃഷ്ടിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. ഇരുട്ടടഞ്ഞ ലോകത്തിൽ ഒരാൾക്ക് തന്റെ മന:പ്രകാശത്തിന്റെ സഹായത്തോടുകൂടി മുന്നോട്ടുപോകുവാൻ സാധിക്കുന്നു. മനസിൽ വെളിച്ചമില്ലാത്ത മറ്റൊരാളാവട്ടെ, പകൽവെളിച്ചത്തിൽപോലും വഴി കാണാതെ നട്ടം തിരിയുന്നു. ശരിയായി ആലോചിച്ചു നോക്കുമ്പോൾ ജീവിതത്തിൽ നമുക്ക് വല്ല നിരാശയ്ക്കും .........................? ജീവിതത്തെ തനിക്കും മറ്റുള്ളവർക്കും ഉപയോഗപ്രദമായ ഒരു മനോഹരമായി മാറ്റി കഴിയുമ്പോൾ, ഓരോരുത്തരും സ്വന്തം താല്പര്യങ്ങൾക്കും വികാരങ്ങൾക്കും അനുസരിച്ച് ഒരേ ലോകം സൃഷ്ടിക്കുന്നു. നമ്മുടെ സവിശേഷ ശ്രദ്ധ ആകർഷിക്കുന്ന ലോകം ഏതോ, അതായിരിക്കും നാം ജീവിക്കുന്ന ലോകവും.

*Aparna*
*STD: IX B*





# വിനോദസഞ്ചാരകേന്ദ്രം

## ഇല്ലിക്കൽ കല്ല്

സോഷ്യൽ മീഡിയകളിലെ യാത്ര ഗ്രൂപ്പുകളിൽ അടുത്തിടെ ഏറ്റവും തരംഗം ഉണ്ടാക്കിയ സ്ഥലമാണ് ഇല്ലിക്കൽ കല്ല്. നിരവധി സഞ്ചാരികളാണ് ഇല്ലിക്കൽ കല്ലിലേയ്ക്ക് ഇതിനോടകം സന്ദർശിച്ചത്. കോട്ടയം ജില്ലയിലാണ് ഇല്ലിക്കൽ കല്ല് സ്ഥിതി ചെയ്യുന്നത്. കോട്ടയം ജില്ലയിൽ ഏറ്റവും ഉയർന്ന കൊടുമുടിയാണ് ഇല്ലിക്കൽ കല്ല്. ഇല്ലിക്കൽ കല്ല് എത്തിച്ചേരാൻ കോട്ടയം ജില്ലയിൽ ഈരാറ്റുപേട്ടയ്ക്ക് അടുത്താണ് ഇല്ലിക്കൽ കല്ല് സ്ഥിതി ചെയ്യുന്നത്. ഈരാറ്റുപേട്ടയിൽ നിന്ന് 17 കിലോമീറ്റർ അകലെയാണ് ഈ സ്ഥലം.



Niya Suresh
N.S.S.H.S.School
Karapuzha



# കളരിപ്പയറ്റ്



കളരിപ്പയറ്റ് എന്ന ആയോധന സമ്പ്രദായം കേരളത്തിന്റെ മാത്രം പ്രത്യേക മായ ഒരു അഭ്യാസസംഹിതയാണ്. പരശുരാമനാൽ ബ്രാഹ്മണർക്ക് ദാനം ചെയ്യപ്പെട്ടതാണ് കേരളദേശമെന്നും, നാടിന്റെ രക്ഷയ്ക്കായി അവർക്കു  ആയോധനവിദ്യ അദ്ദേഹം ഉപദേശിച്ചു എന്നുമാണ് ഐതിഹ്യം.

ആയോധന പരിശീലനത്തെ സംസ്കൃതത്തിൽ ഖലുരിക എന്നാണ് പറഞ്ഞുവന്നിരുന്നത്. ഈ പദത്തിൽ നിന്നാണ് കളരി എന്ന പേരിന്റെ ഉത്ഭവം. കേരളത്തിൽതന്നെ തെക്കൻ, വടക്കൻ, മധ്യകേരളം എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി കളരി അഭ്യാസമുണ്ട്.

തെക്കൻ സമ്പ്രദായത്തിന്റെ ഗുരു അഗസ്ത്യമുനിയായിരുന്നു. ശിനാടി, ശൈലത്ത്, അകച്ചവടി, മർമ്മച്ചുവട് എന്നിങ്ങനെയായിരുന്നു തെക്കൻവിഭാഗത്തിലുായിരുന്നത്.

വടക്കൻ സമ്പ്രദായത്തിൽ മെയ്പ്പയറ്റിൽ പ്രാധാന്യം കൊടുത്തുകൊുള്ള ആയുധമുറയാണ്.


ഗുരുക്കൻമാരായി കേരളത്തിൽ അറിയപ്പെട്ടിരുന്നത് കോട്ടയ്ക്കൽ കുഞ്ഞുരാമൻ ഗുരുക്കൾ, വീരശ്രീ സി. വി. നാരായണൻകുട്ടി ഗുരുക്കൾ, മലബാർ വാസുദേവൻ ഗുരുക്കൾ തുടങ്ങിയവരാണ്.

ഇന്നത്തെക്കാലത്ത് പെൺകുട്ടികൾ അഭ്യാസമുറകൾ അറിഞ്ഞിരിക്കേണ്ടത് ജീവിതത്തിൽ ആവശ്യമാണ്. അതുകൊണ്ടുതന്നെ ധാരാളം പെൺകുട്ടികൾ ഈ രംഗത്തേക്ക് ഇന്നു കടന്നുവരുന്നുണ്ട്.





Pathmapriya K. S.
STD IX A




## ANATOMY OF UNIVERSE


The universe contains everything that exists, from the tiniest subatomic particles to galactic super clusters. Super clusters are the largest structures known at the moment. Nobody knows how big the Universe is, but astronomers estimate that it contains at least 125 billion galaxies, each comprising an average of 100 billion stars.

The most widely accepted theory about the origin of the Universe is the Big Bang theory, which states that the Universe came into being in a huge explosion. The Big Bang states that it might took place between 10 and 20 billion years ago.

The Universe initially considered of a very hot, dense fireball of expanding, cooling gas. After about one million years, the gas began to condense into localized clumps called Protogalaxies. During the next five billion years, the Protogalaxies continued condensing, forming galaxies in which stars were being born.

Today, billions of years later, the Universe as a whole is still expanding, although there are localized areas in which objects are held together by gravity;.Astronomers do not yet know if the Universe is “Closed”, which means it will eventually stop expanding and begin to contract, or if it is “Open”, which means it will continue expanding forever.

By
B.Divya barathi
N.S.S.H.S.School
Karapuzha



# MAMMOTH

**Mammoths who belong to the elephant family lived around ten thousand years back. Now scientists are trying to resurrect the mammoth through cloning .This scientific venture is attempted on the well preserved carcass of a mammoth discovered deep under ice from Siberia in 2013.It has been confirmed that the liquid got from the carcass is blood. The scientists took forward to resurrecting the Mammoth with thick fur covered body and tong tusks.**
**Tori Herridge, A Palaeologist leads these experiments**


By
**Mubeen Malik**
**N.S.S.H.S.School**
**Karapuzha**





# THE GREAT HORNBILL

The great hornbill also known as the great Indian hornbill or great Pied hornbill, is one of the larger member of the hornbill family.

It is found in the Indian subcontinent and Southeast Asia. It's impressive size and colour have made it important. In many tribal cultures and rituals the great hornbill is long lived, living for nearly 50years in capacity.

It is predominantly Frugivorous, but is an opportunist and will prey on small mammals, reptiles and birds.

And it's state bird of Kerala.




By

**Dheepa k.p**

**IX-B**

**N.S.S.H.S.School**

**Karapuzha**

# ഒരു മഹാപ്രളയം













കിഴക്കാംതൂക്കുകളിൽ നിന്നും കുത്തിയൊഴുകി മണ്ണും മരങ്ങളും വലിച്ചുവാരി, സംഹാരതാണ്ഡവത്തോടെ, ഹുങ്കാരത്തോടെ, സമതലത്തിലൂടെ പാഞ്ഞ് കടലിലേയ്ക്കൊഴുകിയ പുഴയുടെ ഒരു കാലം. ചെളിയും മണ്ണും വന്നടിഞ്ഞ്, നദീമുഖത്ത് കപ്പലുകൾക്ക് അടുക്കാനാവാതെ, കച്ചവടം നശിച്ച് മഹത്തായ ഒരു കാലത്തിന്റെ അവസാനം.

*Aleena .R*
*N.S.S.H.S.School*
*karapuzha*

# Cartoon



Abhijith vijayan
N.S.S.H.S.School
Karapuzha

# Drawing

